കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.11/1900/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ,

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497 2707698

തീയതി: 28-02-2020

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാലൂർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997-ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(എയിംസ് മുഖേന)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ./കെ.എൻ.ആർ./സി.11/1900/2019 തീയ്യതിഃ 28.02.2020

## കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 19-02-2019 മുതൽ 8-12-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകങ്ങളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ ശശികുമാർ എംപി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 09.12.19മുതൽ 23.12.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| ശ്രീ.എം.ബാബുരാജ് | : | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.രമേശൻ കരോത്ത് | : | അസിസ്റ്റന്റ് ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസർ |
| ശ്രീമതി നിഖില.എ.എം | : | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.പി.അശോകൻ | 01-04-2018മുതൽ 31-3-2019 വരെ |
| സെക്രട്ടറി | ശ്രീമതി. കെ. ശോഭന | 01-04-2018മുതൽ 31-3-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഡോണ സ്കറിയ | 01-4-2018 മുതൽ 18-05-2018 വരെ |
| | ശ്രീമതി.അശ്വിനി. കെ.എസ്. | 19.05.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ജയപ്രഭ.സി | 01-4-2018 മുതൽ 31-3-2019വരെ |
| അസി.ഇഞ്ചിനീയർ | ശ്രീ.താജ്ജുദ്ദീൻ അഹമ്മദ് | 01-4-2018മുതൽ30-06-2018വരെ |
| | ശ്രീമതി.അസീജ.പി.കെ | 01.07.2018 മുതൽ 05.01.2019 വരെ |
| | ശ്രീ.വരുൺ.കെ.വി | 06.01.2019 മുതൽ 02.02.2019 വരെ |
| | ശ്രീ.സാജു.പി | 03.02.2019 മുതൽ 11.03.2019 വരെ |
| | ശ്രീ.രാഹുൽ മധു | 12.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.മഞ്ജുള.കെ.പി. | 01-4-2018മുതൽ 31-3-2019 വരെ |
| മെഡിക്കൽഓഫീസർ(ആയുർവ്വേദം) | ഡോ.ദേവികാറാണി | 1-04-2018 മുതൽ 30-06-18 വരെ |
| | ഡോ.അനീഷ് കുമാർ | 1-07-2018മുതൽ12-10-18വരെ |
| | ഡോ.അരവിന്ദ്.എസ്. | 13-10-2018മുതൽ31-3-2019വര |
| മെഡിക്കൽഓഫീസർ(ഹോമിയോ) | ഡോ.ഷബാന ബീഗം. | 01-4-2018മുതൽ31-3-2019വരെ |
| ഐ.സി.ഡി.എസ് .സൂപ്പർവൈസർ | ശ്രീമതി.ശോഭന.എ.വി. | 01-4-2018മുതൽ31-3-2019വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സി.പ്രേംകുമാർ | 01-4-2018മുതൽ31-3-2019വരെ |
| വി.ഇ.ഒ | ശ്രീമതി.രസിക.കെ.എം. | 01-4-2018മുതൽ31-3-2019വരെ |
| അസി.സെക്രട്ടറി | ശ്രീ.ജി.വിൻസെന്റ്. | 01.04.2018 മുതൽ 20.06.2018 വരെ. |
| | | 21.06.2018, 22.06.2018 ഒഴിവ് |
| | ശ്രീ.രമേഷ്.പി.കെ | 23.06.2018 മുതൽ 15.10.2018 വരെ |
| | ശ്രീ.സജിവേന്ദ്രൻ.വി.എ. | 16.10.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ട്രേഡേഴ്സ് ലിസ്റ്റിൽ മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല | 1-12 |
| 13 | തൊഴിൽ നികുതി, എഫ് ടി ഇ&ഒ എസ് ലൈസൻസ് ഫീ എന്നിവ അടവാക്കായിട്ടില്ല. | 1-13 |
| 14 | പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല | 1-14 |
| 15 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ - നികുതി പുനർ നിർണ്ണയം നടത്തി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. | 1-15 |
| 16 | പേ വിഷ നിർമ്മാർജ്ജനം - കുത്തിവെപ്പ് നടത്തിയ എല്ലാ പട്ടികൾക്കും പഞ്ചായത്ത് ലൈസൻസ് അനുവദിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല | 1-16 |
| 17 | ഇ ടെണ്ടർ:- ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിക്കുന്നില്ല. | 1-17 |
| 18 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല. | 1-18 |
| 19 | റോഡ് ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വില കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നില്ല | 1-19 |
| 20 | വാഹന ഇൻഷ്വറൻസ് സംബന്ധിച്ച് | 1-20 |
| 21 | അംഗൻവാടികൾക്ക് കുഴൽക്കിണർ-പ്രവൃത്തി പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല | 1-21 |
| | | |

| | | |
|---|---|---|
| 22 | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ- പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച്. | 1-22 |
| 23 | കറവപ്പശു വിതരണ പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിന് തുക അനുവദിച്ചു. | 1-23 |
| 24 | പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല / ഈടാക്കിയതിലെ കുറവ് | 1-24 |
| 25 | ടെണ്ടറിൽ ഉൾപ്പെടാത്ത പ്രവൃത്തിക്ക് കരാറുകാരന് തുക നൽകി – ₹ 179963 തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല. | 1-26 |
| 27 | സമഗ്ര വിദ്യാഭ്യാസ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ -ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-27 |
| 28 | പഠന വീട് - പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർഥികൾകളുടെ പഠന നിലവാരം ഉയർത്തൽ രേഖകൾ ലഭ്യമാക്കിയില്ല | 1-28 |
| 29 | കോച്ചിംഗ് ക്യാമ്പ് കോംപ്ലക്സ് സ്പോർട്സ് പദ്ധതി -മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല – ₹ 100000 തടസ്സപ്പെടുത്തുന്നു | 1-29 |
| 30 | സ്മാർട് ക്ലാസ്സ് റൂം- ഒന്നാം ക്ലാസ്സ് ഒന്നാംതരം - വാങ്ങൽ നടപടിക്രമം പാലിച്ചില്ല. ₹ 154746 തടസ്സപ്പെടുത്തുന്നു | 1-30 |
| 31 | അക്ഷര ലക്ഷം പദ്ധതി - മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല – ₹18932 തടസ്സപ്പെടുത്തുന്നു | 1-31 |
| 32 | തുടർ സാക്ഷരത 4,7,10,11തുല്യത ചെലവ് രേഖകൾ ലഭ്യമാക്കിയില്ല – ₹ 74000 തടസ്സപ്പെടുത്തുന്നു | 1-32 |
| 33 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധനഘടകങ്ങൾ സപ്ലൈ ചെയ്യുന്നതിന് പൊതുമരാമത്ത് കോൺട്രാക്ടറെ ഏൽപ്പിച്ചു, കരാർ പ്രകാരമുള്ളതിലും കൂടിയ തുക അനുവദിച്ചു | 1-33 |
| 34 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗപത്രം ലഭ്യമാക്കേണ്ടതാണ് | 1-34 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | | |

| | | |
|---|---|---|
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 47 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 48 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 49 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| വർഷം | 2018/19 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തിയതി | 1/2018 തീ. 21/03/2018 | 17/19(1) തീ. 04/02/2019 |
| മുന്നിരിപ്പ് | 1569699.06 | 1569699.06 |
| | | |

| | | |
|---|---|---|
| വരവ് | 152423000.00 | 92643479.00 |
| ആകെ | 153992699.06 | 94213178.06 |
| ചെലവ് | 150428100.00 | 89520700.00 |
| നീക്കിയിരിപ്പ് | 3564599.06 | 4692478.06 |

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 09.05.2019 | തിരിച്ചയച്ചിട്ടില്ല | - |

# 1-3 സാമ്പത്തിക വിശകലനം (എ.സി.ആർ.പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12477803.36 |
| വരവ് | 50988783.00 |
| ആകെ | 63466586.36 |
| ചെലവ് | 47208584.00 |
| നീക്കിയിരിപ്പ് | 16258002.36 |

# 1-4 ഫണ്ട് വിനിയോഗം

1.ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷത്തെ അലോട്ട്മെൻറ് തുക | ആകെ | ചെലവ് തുക | ചെലവഴിക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 14975000 | 14975000 | 14925871 | 49129 | 99.67 |
| വികസനഫണ്ട് – എസ്.സി.പി | 0 | 781000 | 781000 | 208094 | 572906 | 26.64 |
| വികസനഫണ്ട് – ടി.എസ്.പി | 0 | 917000 | 917000 | 510418 | 406582 | 55.66 |
| സംരക്ഷണ ഗ്രാൻറ് റോഡ് | 0 | 4291000 | 4291000 | 3718407 | 572593 | 86.65 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാൻറ് നോൺ റോഡ് | | 0 | 3359000 | 3359000 | 3294010 | 64990 | 98.06 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം (എ.സി.ആർ പ്രകാരം) | | 0 | 6950000 | 6950000 | 4155302 | 2794698 | 59.79 |
| സാക്ഷരത | | 355990.03 | 83353 | 439343.03 | 408 | 438935.03 | 0.09 |
| ദുരിതാശ്വാസ നിധി | | 47957 | 14458 | 62415 | - | 62415 | 0.00 |
| എം.ജി.എൻ.ആർ.ഇ.ജി. എസ് | | 17302.92 | 32973837 | 32991139.92 | 32970510 | 20629.92 | 99.94 |
| മറ്റ് ഗ്രാൻറുകൾ | | | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | | | |
| ശുചിത്വം | | 837249 | 211011 | 1048260 | 150000 | 898260 | 14.30 |
| ഐസിഡിഎസ് | | 875546 | 682175 | 1557721 | 506745 | 1050976 | 32.53 |
| എം.പി.ഫണ്ട് | | 15595 | 491957 | 507552 | 491957 | 15595 | 96.92 |
| നബാർഡ് | | 89102 | | | | 89102 | 100 |
| ആശ്രയ | | - | 346793 | 346793 | 346793 | | 100 |
| ബി ഫണ്ട് | | | 34017400 | 34017400 | 34017400 | | 100 |
| സംസ്ഥാന സർക്കാർ | | | 177000 | 177000 | 177000 | - | 100 |
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 117191 | 777500 | 894691 | 777479 | 117212 | 87 |
| | ജില്ലാ പഞ്ചായത്ത് | 80000 | 941700 | 1021700 | 907578 | 114122 | 88.83 |
| തനത് ഫണ്ട് | ബാങ്ക് അക്കൌണ്ട് | 6073375.41 | 8128267 | 14201642.41 | 3779128 | 10422514.41 | |
| | ട്രഷറി അക്കൌണ്ട് | 2733826 | 10528610 | 13262436 | 12033136 | 1229300 | |
| ഗുണഭോക്തൃ വിഹിതം | | 1375 | 408600 | 409975 | 408600 | 1375 | |

# 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2018/19 | 141 | 102 | 35 | 4 | 72 |

| | | | | | |
|---|---|---|---|---|---|

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | നടപ്പായ പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 25 | 19 | 6231602 | 4715742 | 75.67 |
| വി.ഇ.ഒ | 11 | 7 | 9149125 | 5762811 | 62.99 |
| അസി. എഞ്ചിനിയർ | 54 | 33 | 21972433 | 11442929 | 52.08 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 8 | 5 | 1360000 | 748731 | 55.05 |
| കൃഷി ഓഫീസർ | 11 | 11 | 3539550 | 2822851 | 79.75 |
| വെറ്റിനറി സർജൻ | 7 | 7 | 4500000 | 2977980 | 66.18 |
| മെഡിക്കൽ ഓഫീസർ - ആയുർവേദ | 1 | 1 | 700000 | 700000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 300000 | 300000 | 100 |
| ഹെഡ് മാസ്റ്റർ | 7 | 6 | 857000 | 623138 | 72.71 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 3 | 3426660 | 3379378 | 98.62 |
| അസി.സെക്രട്ടറി | 13 | 9 | 1263650 | 587273 | 46.47 |

<u>പാതി വഴിയിൽ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം – ഇല്ല</u>

പദ്ധതി ആസൂത്രണ ഗ്രാമസഭകൾ 2018 ഫെബ്രുവരി മാസങ്ങളിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി ഗ്രാമസഭകൾ മെയ് മാസത്തിലും നടന്നിട്ടുണ്ട്. 2019-20 വർഷത്തെ പദ്ധതി ആസൂത്രണത്തിനായി 2018 നവംബർ മാസത്തിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി ജനവരി 2019 ലും ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭാ യോഗങ്ങളിൽ തൃപ്തികരമായ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട സമിതികളുടെ പ്രവർത്തനം ഗ്രാമ പഞ്ചായത്തിൽ ഏറെക്കുറേ തൃപ്തികരമായ വിധത്തിലാണ്. സ്റ്റിയറിങ്ങ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ ചേരുകയും പ്രവർത്തനങ്ങളുടെ പൊതു വിലയിരുത്തൽ നടത്തുകയും ചെയ്തു വരുന്നുണ്ട്. വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ ഈ കാലയളവിൽ യോഗം ചേരുകയും അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട

അവസ്ഥാവിലയിരുത്തലുകൾ നടത്തുകയും പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്ത് മുന്നോട്ട് വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ ഇടയിലുള്ള ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുകയോ നിർവ്വഹണ പുരോഗതി വിലയിരുത്തുകയോ ചെയ്യുകാണുന്നില്ല. ആസൂത്രണം ചെയ്ത പദ്ധതികളുടെ ഫലപ്രാപ്തി കൃത്യമായ മോണിറ്ററിങ്ങിലൂടെ ഉറപ്പു വരുത്തുക എന്ന ചുമതല ഏറ്റെടുക്കാൻ വർക്കിംഗ് ഗ്രൂപ്പുകളെ പ്രാപ്തമാക്കേണ്ടതുണ്ട്. എല്ലാ പ്രോജക്ടുകളുടെയുംഅനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമായിരുന്നില്ല. എല്ലാ നിർവ്വഹണോദ്യോഗസ്ഥരും പ്രോജക്ട് രേഖകളുടെ അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ യോഗം ചേരലുകളും പ്രവർത്തനങ്ങളിലെ ഇടപെടലുകളും തൃപ്തികരമായ നിലയിൽ നടന്നുവരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു..

തൻവർഷത്തെ വികസനഫണ്ടിന്റെ (പൊതു വിഭാഗം) 99.67% ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട്(എസ്.സി.പി.വിഭാഗം) ചെലവ് 26.64 % വും ടി.എസ്.പി.വിഭാഗം ചെലവ് 66.66% വും മാത്രമാണ്. സാമൂഹ്യ സുരക്ഷയും പരിസ്ഥിതിരക്ഷയും ഉറപ്പ വരുത്തുന്ന സമഗ്ര വികസനമെന്ന, സർക്കാർ മുന്നോട്ട് വെച്ച 13ാം പദ്ധതിയുടെ പൊതുകാഴ്ചപ്പാടിനനുസരിച്ച് തന്നെ പ്രോജക്ടുകൾ തയ്യാറാക്കാൻ ശ്രമം ഉണ്ടായിട്ടുണ്ടെന്ന് കാണുന്നു. സർക്കാർ നിശ്ചയിച്ച മുൻഗണനാ ക്രമങ്ങളുമായി ഉദ്ഗ്രഥിച്ചുകൊണ്ട് പ്രോജക്ടുകൾ തയ്യാറാക്കാനുള്ള ശ്രദ്ധ ഉണ്ടായിട്ടുണ്ട്.

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17302.92 | 458655 | 475957.92 | 455328 | 20629.92 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 32515182 | 32515182 | 32515182 | 0 |
| ആകെ | 17302.92 | 32973837 | 32991139.92 | 32970510 | 20629.92 |

# 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 121800 | 130 |
| കർഷകതൊഴിലാളി പെൻഷൻ | 7944200 | 1949 |
| വിധവാപെൻഷൻ | 8176900 | 1932 |
| വാർദ്ധക്യകാലപെൻഷൻ | 12546300 | 2955 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3382000 | 783 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1497200 | 371 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 15,185 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. ജീവനക്കാർക്കിടയിൽ ജോലികൾ കാര്യക്ഷമമായി വിഭജിച്ച് നൽകിയിട്ടുണ്ട്. ജോലികളുടെ നിർവഹണത്തിലെ പുരോഗതി വിലയിരുത്തുകയും നിശ്ചിത ഇടവേളകളിൽ ജോലി വിഭജനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി വരുന്നതായും കാണുന്നു.

ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ 2018-19 വർഷത്തിൽ 5 തവണ മാത്രമാണ് ചേർന്നിട്ടുള്ളത്. റവന്യൂ പിരിവ്, ഫണ്ട് വിനിയോഗം ,പദ്ധതി നിർവഹണം എന്നിവയിലെ പുരോഗതി, സേവന പ്രദാനത്തിലെ പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി സ്റ്റാഫ് മീറ്റിങ്ങുകൾ എല്ലാ മാസങ്ങളിലും ചേരുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പൊതു ജനങ്ങൾക്കുള്ള സേവനങ്ങൾ നിശ്ചിത സമയ പരിധിക്കകം ലഭ്യമാക്കി വരുന്നതായി പൊതുവായ പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടന്നതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടൻറ് ജനറൽ ഓഡിറ്റ് | 03/03/2011 | 2005-06 to 2009-10 | 02/05/2011 |
| പെർഫോമൻസ് ഓഡിറ്റ് | 22/11/2019 | 1/10/19-31/10/2019 | 28/11/2019 |

## 1-11 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരങ്ങൾ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-12 ട്രേഡേഴ്സ് ലിസ്റ്റിൽ മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം മാലൂർ ഗ്രാമപഞ്ചായത്തിൽ ആകെ 8900 സ്ഥാപനങ്ങൾക്ക് ആണ് കെട്ടിട നമ്പർ നല്കിയിരിക്കുന്നത്. ഇതിൽ വാണിജ്യാവശ്യങ്ങൾക്കായി 2044 കെട്ടിടങ്ങൾക്ക് ആണ് നമ്പർ നല്കിയിരിക്കുന്നത്. ഓഡിറ്റിന് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 274 സ്ഥാപനങ്ങൾ മാത്രമെ ഉൾപ്പെട്ടിട്ടുള്ളൂ. വാർഡ് തിരിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം. | പേര് | ആകെ സ്ഥാപനങ്ങൾ | വാണിജ്യാവശ്യങ്ങൾക്കായുള്ള സ്ഥാപനങ്ങൾ | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ | വ്യത്യാസം |
|---|---|---|---|---|---|
| 1 | ശിവപുരം | 822 | 236 | 37 | 199 |
| 2 | വെള്ളിലോട് | 665 | 144 | 14 | 130 |
| 3 | എരട്ടേങ്ങൽ | 497 | 104 | 11 | 93 |
| 4 | മാലൂർ | 568 | 169 | 25 | 144 |
| 5 | കുറുമ്പോളി | 507 | 101 | 14 | 87 |
| 6 | പനമ്പറ്റ | 614 | 186 | 22 | 164 |
| 7 | പുഴാരി | 664 | 184 | 23 | 161 |
| 8 | തോലമ്പ്ര | 533 | 104 | 21 | 83 |
| 9 | താറ്റിയാട് | 539 | 103 | 8 | 95 |
| 10 | കുണ്ടേരിപൊയിൽ | 479 | 6 | 6 | 0 |
| 11 | പട്ടാരി | 493 | 91 | 8 | 83 |
| 12 | പൂവംപൊയിൽ | 617 | 120 | 20 | 100 |
| 13 | കാഞ്ഞിലേരി | 539 | 103 | 16 | 87 |
| 14 | കക്കാട്ടുപറമ്പ് | 615 | 149 | 16 | 133 |
| 15 | മരുവഞ്ചേരി | 748 | 244 | 33 | 211 |
| ആകെ | | 8900 | 2044 | 274 | 1770 |

മേൽ കാണിച്ച കണക്കുകളിൽ നിന്നും വാണിജ്യാവശ്യത്തിനു വേണ്ടി കെട്ടിട നമ്പർ ലഭ്യമാക്കിയ കെട്ടിടങ്ങളിൽ 13% ത്തോളം കെട്ടിടങ്ങൾ മാത്രമേ വ്യാപാരം നടത്തുന്നതിനുള്ള ലൈസൻസ് കൈപ്പറ്റിയിട്ടുള്ളതായി കാണുന്നുള്ളൂ. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, കൈപ്പറ്റിയ മിക്ക കെട്ടിടങ്ങളും ഉപയോഗിക്കാതെ അടച്ചുപൂട്ടിയിരിക്കുകയാണെന്ന മറുപടിയാണ് സെക്രട്ടറി നല്കിയത്. ഇതിന്റെ നിജസ്ഥിതി വിശദമായ ഫീൽഡ് തല പരിശോധനയിലൂടെ ഉറപ്പു വരുത്തേണ്ടതും വരുമാന ചോർച്ച ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

# 1-13 തൊഴിൽ നികുതി, എഫ് ടി ഇ&ഒ എസ് ലൈസൻസ് ഫീ എന്നിവ അടവാക്കായിട്ടില്ല.

1)മാലൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്കെടുത്തിരിക്കുന്ന താഴെ പറയുന്നവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

എ)എം കെ മായൻകുട്ടി ,മരിയാടൻ ഹൗസ്, കെട്ടിട നം.5/524C

ബി.)ഉദീഷ് എം ,അമൃതകൃപ ,കാവിൻമൂല കെട്ടിട നം.5/524E

സി.)അബ്ദുൾ സത്താർ ,കുന്നമ്മൽ ഹൗസ്,പുഴാരി,കെട്ടിട നം.5/524F

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇക്കാര്യം സംബന്ധിച്ച് പരാമർശിച്ചിരുന്നുവെങ്കിലും ലൈസൻസ് ഫീ ഈടാക്കുവാനുള്ള നടപടികൾ ഉണ്ടായിക്കാണുന്നില്ല.

2)മാലൂർ പഞ്ചായത്തിന് കീഴിൽ 9 റേഷൻ കടകൾ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും 2 റേഷൻ കടകളിൽ നിന്ന് മാത്രമെ നാളിതുവരെ ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയിട്ടുള്ളു. ബാക്കിയുള്ള 7 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)2018-19 കാലയളവിൽ എഫ് ടി ഇ&ഒ എസ് ലൈസൻസിനു വേണ്ടി സമർപ്പിച്ച അപേക്ഷകളിലെ വിവരങ്ങളനുസരിച്ച്, താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണുന്നു. ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നം. | സംരംഭം |
|---|---|---|---|
| 1 | കാര്യത്ത് രാജേന്ദ്ര ബാബു | 137 | ഹോട്ടൽ അശ്വന്ത് |
| 2 | ശശീന്ദ്രൻ പാലോറൻ | 321,322 | സാരംഗ് എക്സ്പോർട്ടേഴ്സ് |
| 3 | പ്രശാന്ത് കുമാർ കെ | 291 c | നിധിൻ എഞ്ചിനീയറിംഗ് വർക്സ് |
| 4 | പ്രജീഷ് പാറായി | 62 a | ലക്ഷ്യ മാർക്കറ്റിംഗ് |
| 5 | മുബഷിറ സി | 299 | ഹെൽത്ത് കെയർ ഹോമിയോ ക്ലിനിക്ക് |
| 6 | ഈരായി കൃഷ്ണൻ | 372 | മലബാർ ഫുഡ് പ്രോഡക്ട്സ് |
| 7 | പ്രസന്ന വി | 28,28 a | കുടുംബശ്രീ വനിത ഹോട്ടൽ |
| 8 | സി എച്ച് അബ്ദുൾ സലാം | 282,283 | ന്യൂ ലൈഫ് ഹോട്ടൽ |
| 9 | വിജീഷ് കെ പി | 325 a | എവിഎസ് ഡക്കറേഷൻ |
| 10 | വിജയൻ പി | 38 e | മിറാക്കിൾ മീഡിയ |
| 11 | വിപിൻ രാജ് | 68, 69 | തീരം ഫാസ്റ്റ് ഫുഡ് |
| 12 | അഖിൽ വി കെ | 361 | അഖിൽ വെൽഡിംഗ് |
| 13 | പ്രതീശൻ എം | 14 a | ശില്പാശില്പ് |
| 14 | പ്രദീപ് ജി | 327 | ഷൈൻ എഞ്ചിനീയറിംഗ് വർക്സ് |
| 15 | സരിത പി | 140 | ഗ്രാമ ബേക്കറി |

| | | | |
|---|---|---|---|
| 16 | എ വി ബാലകൃഷ്ണൻ | 390 a | മാലൂർ ഓട്ടോ ഫ്യവൽസ് |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 1-14 പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല

സ്ഥാപനത്തിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല (ചില പെർമിറ്റുകളുടെ കാര്യത്തിൽ മാത്രം പൂർത്തീകരണം രേഖപ്പെടുത്തിയിട്ടുണ്ട്). ഇതുകൊണ്ട് തന്നെ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ പുതുക്കുകയോ ചെയ്യാത്ത പെർമിറ്റുകൾ നിരീക്ഷണവിധേയമാക്കാനോ അനധികൃത നിർമ്മാണമുണ്ടെങ്കിൽ നടപടികൾ സ്വീകരിക്കാനോ കഴിയുന്നില്ല. നിലവിലുള്ള കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനുള്ള പെർമിറ്റുകളുടെ കാര്യത്തിൽ പ്രത്യേകിച്ചും പൂർത്തീകരണ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടത് കെട്ടിട ഉടമയെ സംബന്ധിച്ച് അത്യാവശ്യമായ കാര്യമല്ലാത്തതിനാൽ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കണമെന്നില്ല. എന്നാൽ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം പഴയനിരക്കിൽ തന്നെ നികുതി കണക്കാക്കി ഈടാക്കാനുള്ള സാധ്യതയുണ്ടാകുന്നു. ഇത്തരം കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധിക്കു ശേഷം സൈറ്റ് പരിശോധന നടത്തിയാൽ മാത്രമാണ് നിജസ്ഥിതി കണ്ടെത്താനാവുക. രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ ഇത്തരം പരിശോധന നടത്തപ്പെടാത്തത് നികുതി ഇനത്തിൽ വൻതുക സ്ഥാപനത്തിന് നഷ്ടപ്പെട്ടുപോകാനിടയാക്കും.അനധികൃത നിർമാണങ്ങൾ/മാറ്റം വരുത്തലുകൾ/കൂട്ടിച്ചേർക്കലുകൾ തടയുന്നതിനും കെട്ടിടത്തിന്റെ യഥാർത്ഥഘടനയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും ഫീൽഡ് തല പരിശോധനകൾ കൂടുതലായി നടത്തേണ്ടതാണ്.

# 1-15 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ:- നികുതി പുനർ നിർണ്ണയം നടത്തി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

മാലൂർ ഗ്രാമ പഞ്ചായത്തിന്റെ 19-12-2011 ലെ വസ്തുനികുതി പരിഷ്കരണം - അന്തിമ വിജ്ഞാപന പ്രകാരം താഴെ പറയുന്ന സ്ഥലങ്ങൾ പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്നവയാണ്.

1. ഉരുവച്ചാൽ -കാക്കയങ്ങാട് പി.ഡബ്ല്യൂ റോഡ് - ഇടപ്പഴശ്ശി പഞ്ചായത്ത് അതിർത്തി മുതൽ കുണ്ടത്തോട് പഞ്ചായത്ത് അതിർത്തിവരെ ഇരുവശവും 300 മീറ്റർ ഉൾപ്പെട്ട പ്രദേശം

2. ശിവപുരം -പേരാവൂർ പി.ഡബ്ല്യൂ.ഡി.റോഡ് എരട്ടേങ്ങൽ ദയരോത്ത് കാട് മുതൽ നിട്ടാറമ്പ് റോഡ് വരെ ഇരുവശവും 200 മീറ്റർ ഉൾപ്പെട്ട പ്രദേശവും നിട്ടാറമ്പ് റോഡ് മുതൽ പൂഴാരി തോട് വരെ ഇരുവശവും 300 മീറ്റർ ഉൾപ്പെട്ട പ്രദേശവും പൂഴാരി തോടുമുതൽ കല്ലംകുന്ന് റോഡ് വരെ ഇരുവശവും 200 മീറ്റർ ഉൾപ്പെട്ട പ്രദേശവും മൂരിക്കുന്ന് റോഡ് മുതൽ ബാലവാടി കുറിച്യകോളനി റോഡ് വരെ ഇരുവശവും 200മീറ്റർ ഉൾപ്പെട്ട പ്രദേശവും

3.കരേറ്റ – കെ.പി.ആർ നഗർ റോഡ് കരേറ്റ മുതൽ കോന്നോരി പാലം വരെ ഇരുവശവും 200മീറ്റർ ഉൾപ്പെട്ട പ്രദേശം

ഇത്തരത്തിൽ പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്ന പ്രദേശത്തിന് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ (ഫോം 6) നികുതി കിഴിവ് ലഭിക്കുകയില്ല. എന്നാൽ സൈറ്റ് പ്ലാൻ അനുസരിച്ച് പ്രസ്തുത മേഖലയിൽ പെടുന്ന താഴെകൊടുത്തവരുടെ ഭവനത്തിന്റെ നികുതി നിർണ്ണയിക്കുമ്പോൾ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10% ഇളവ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ താഴെകൊടുത്ത പ്രകാരം പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ ആവർത്തന നഷ്ടം ഉണ്ടാകുന്നു.

<u>1.ശ്രീമതി. നസീറ.പി.പി., വീട്ടു നമ്പർ- XIV-7/B</u>

<u>നിർണ്ണയിച്ച നികുതി</u>

തറ വിസ്തീർണ്ണം : GF- 121.85 m2 + FF- 16.48m2 = 138.33m2

തറ വിസ്തീർണ്ണം അനുസരിച്ച് നികുതി : 138.33 x 4 = 553.32

ഇളവ് ദ്വീതീയ മേഖല 10% : 553.32 x 10/100 = 55.33

നിർണ്ണയിച്ച വസ്തുനികുതി : 553.32 - 55.33 = 497.99 i.e ₹ 498

ലൈബ്രറി സെസ്സ് : 5% of 498 = 25

ആകെ നികുതി + ലൈബ്രറി സെസ്സ് : 498 + 25 = 523

<u>നിർണ്ണയിക്കേണ്ടിയിരുന്ന നികുതി</u>

തറ വിസ്തീർണ്ണം : GF- 121.85 m2 + FF- 16.48m2 = 138.33m2

തറ വിസ്തീർണ്ണം അനുസരിച്ച് നികുതി : 138.33 x 4 = 553.32 i.e ₹554

ഇളവ്, വർദ്ധനവ് : ഇല്ല

ലൈബ്രറി സെസ്സ് : 5% of 554 = 28

ആകെ നികുതി + ലൈബ്രറി സെസ്സ് : 554 + 28 =582

ആവർത്തന നഷ്ടം : 582 – 523 = 59

<u>2. ശ്രീ.ചമ്പാടൻ ബാബു; വീട്ടു നമ്പർ V-141/A</u>

<u>നിർണ്ണയിച്ച നികുതി</u>

തറ വിസ്തീർണ്ണം : GF- 138.05m2 + FF- 90.71m2 = 228.76m2

തറ വിസ്തീർണ്ണം അനുസരിച്ച് നികുതി : 228.76 x 4 = 915.04

ഇളവ് ദ്വീതീയ മേഖല 10% : 915.04 x 10/100 = 91.50

നിർണ്ണയിച്ച വസ്തുനികുതി : 915.04 - 91.50 = 823.54 i.e ₹ 824

ലൈബ്രറി സെസ്സ് : 5% of 824 = 42

ആകെ നികുതി + ലൈബ്രറി സെസ്സ് : 824+ 42 = 866

<u>നിർണ്ണയിക്കേണ്ടിയിരുന്ന നികുതി</u>

തറ വിസ്തീർണ്ണം : GF- 138.05m2 + FF- 90.71m2 = 228.76m2

തറ വിസ്തീർണ്ണം അനുസരിച്ച് നികുതി : 228.76 x 4 = 915.04 i.e ₹916

ഇളവ്, വർദ്ധനവ് : ഇല്ല

ലൈബ്രറി സെസ്സ് : 5% of 916 = 46

ആകെ നികുതി + ലൈബ്രറി സെസ്സ് : 916 + 46 = 962

ആവർത്തന നഷ്ടം : 962 – 866 = 96

വസ്തു നികുതി പുനർനിർണ്ണയിച്ച് നഷ്ടം വന്ന തുക ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ സാഹചര്യത്തിൽ പ്രാഥമിക മേഖലയിൽ പെടുന്ന സ്ഥലത്ത് കെട്ടിടം പണിതവരുടെ വസ്തുനികുതി കണക്കാക്കിയത് സൂക്ഷപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 പേ വിഷ നിർമ്മാർജ്ജനം - കുത്തിവെപ്പ് നടത്തിയ എല്ലാ പട്ടികൾക്കും പഞ്ചായത്ത് ലൈസൻസ് അനുവദിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടില്ല

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 അനുസരിച്ച് ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും പഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ പട്ടികളെയോ പന്നികളെയോ വളർത്തുവാനോ സൂക്ഷിക്കുവാനോ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്.

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പേ വിഷ നിർമ്മാർജ്ജനം ( 17/19 ) എന്ന പ്രോജക്ട് പ്രകാരം 2019 ഫെബ്രുവരി 19,20,21 എന്നീ തീയതികളിൽ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ വെച്ച് പേ വിഷ നിർമ്മാർജ്ജനത്തിന് പട്ടികൾക്ക് കുത്തിവെപ്പ് നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വെറ്ററിനറി സർജൻ ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം കുത്തിവെപ്പ് കേമ്പുകളിൽ വെച്ച് 197 എണ്ണത്തിനും 4/2018 മുതൽ 12/2018 വരെയുള്ള കാലയളവിൽ 55 എണ്ണത്തിനും 01/2019 ൽ 03 എണ്ണത്തിനും 03/2019 ൽ 18 എണ്ണത്തിനും കൂടി 2018-19 ൽ ആകെ 273 പട്ടികൾക്ക് കുത്തിവെപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇവയെയൊന്നും തന്നെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല. പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൂക്ഷിച്ച രജിസ്റ്റർ പ്രകാരം 10 പട്ടികളെ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കൂടാതെ ചട്ടം 5 (1)പ്രകാരം ലൈസൻസില്ലാതെയോ, ലൈസെൻസുണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ അലഞ്ഞുതിരിയാൻ അനുവദിച്ചുകൊണ്ടോ ഒരു പട്ടിയേയോ പന്നിയേയോ വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിന്മേൽ ₹250 വരെ പിഴ ചുമത്താവുന്നതാണ്. കൂടാതെ ചട്ടം 5(2) പ്രകാരം ഉപചട്ടം (1) ൽ പറയുന്ന കുറ്റകൃത്യം തുടരുന്ന സംഗതിയിൽ അപ്രകാരം തുടരുന്ന ഓരോ ദിവസത്തേക്കും കുറ്റസ്ഥാപനത്തിൻമേൽ ₹50 വരെ പിഴശിക്ഷ ചുമത്താവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/21-12-2019) മറുപടിയിൽ പഞ്ചായത്തിൽ ലൈസെൻസ് എടുക്കാതെ പട്ടികളെ വളർത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും ആയതിൽ പരിശോധന നടത്തി പേവിഷ നിർമാർജ്ജന കുത്തിവെപ്പ് നടത്തിയ എല്ലാവളർത്തുപട്ടികൾക്കും പഞ്ചായത്ത് ലൈസെൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം

സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സംബന്ധിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഇ ടെണ്ടർ:- ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിക്കുന്നില്ല.

'ഇ' ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺ ലൈനായി അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഈ ടെണ്ടർ ഫീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവ് വരേണ്ടതാണ്. 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ₹19100 ലഭിക്കാനുണ്ട്. ഈ തുകയും മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കുവാനുള്ള തകയും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-18 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.:-

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. ഭാവിയിൽ കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 റോഡ് ടാറിംഗ് പ്രവൃത്തി ബില്ലുകളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വില കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിൽ വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് , മെയിന്റനൻസ് ഫണ്ട് റോഡ് എന്നീ ഇനത്തിലുള്ള തുക ഉപയോഗിച്ച് നിർവഹണം നടത്തിയ റോഡ് ടാറിംഗ് / റീടാറിംഗ് പ്രവൃത്തികളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരലിന്റെ വില സെക്രട്ടറിയുടെ പേരിലുള്ള 72204140000024 എന്ന ട്രഷറി അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. സർക്കുലർ നം. 59827/എഫ്.എം. /07/ തസ്വഭവ തീയതി 30-10-2007 പ്രകാരം ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഒഴിഞ്ഞ ബാരലിന്റെ വില കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 വാഹന ഇൻഷൂറൻസ് സംബന്ധിച്ച്

മാലൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-58 -B. 9461 നമ്പർ വാഹനത്തിന്റെ 18.6.2018 മുതൽ ഒരു വർഷത്തേക്കുള്ള ഇൻഷൂറൻസ് പ്രീമിയം ഇനത്തിൽ 12216/-രൂപ വൗച്ചർ നം. 21800188/18.06.2018 പ്രകാരം ഒടുക്കിയിട്ടുണ്ട്. യുണൈറ്റഡ് ഇന്ത്യാ ഇൻഷൂറൻസ് കമ്പനി മുഖേനയാണ് വാഹനത്തിന്റെ ഇൻഷൂറൻസ് എടുത്തിട്ടുള്ളത്. സർക്കാർ വകുപ്പുകളിലെ വാഹനങ്ങളുടെ എല്ലാ ഇൻഷൂറൻസ് ഇടപാടുകളും കേരള സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേന നിർവഹിക്കേണ്ടതാണെന്ന് ധനകാര്യവകുപ്പ് 18.04.2000 ലെ 819/2000 നംപർ ഉത്തരവിലൂടെ നിർദ്ദേശിച്ചിരുന്നു.. ഇക്കാര്യം സംബന്ധിച്ചുള്ള അന്വേഷണത്തിന്, മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ തുടർന്ന് 2019-20 വർഷം മുതൽ വാഹനത്തിന്റെ ഇൻഷൂറൻസ് സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് മുഖേനയാണ് നിർവഹിച്ചിട്ടുള്ളതെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

## 1-21 അംഗൻവാടികൾക്ക് കുഴൽക്കിണർ - പ്രവൃത്തി പൂർത്തീകരണ രഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾക്ക് കുഴൽക്കിണർ നിർമിക്കാനുള്ള പ്രോജക്ട് നം.62/2018-19 (നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി) ന്റെ ഭാഗമായി ഭൂജല വകുപ്പിന് 601000/- (ബിൽ നം.62/2018-19, വൗച്ചർ നം.21800731/13.12.2018) കൈമാറിയിരുന്നു. തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച അന്വേഷണത്തിന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നും 2019-20 വർഷത്തെ പദ്ധതിയിൽ മോട്ടോർ സ്ഥാപിക്കാനുള്ള പ്രവൃത്തികൾ നടന്നു വരുന്നതായും സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല. പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണരേഖകൾ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-22 സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ- പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച്

പ്രോജക്ട് നം. 7(സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ-നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി) പ്രകാരം താഴെ പറയുന്ന പ്രവൃത്തികളുടെ നിർവഹണത്തിനായി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ (കോളയാട്) അസി. എഞ്ചിനീയർക്ക് തുക അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| കുന്നത്ത് പൊയിൽ മുതൽ പുഴാതി വരെ | -₹133573 |
| തോലമ്പ്ര ശാസ്ത്രിനഗർ മുതൽ ഇന്ദിരാനഗർ വരെ | -₹174543 |
| തോലമ്പ്ര ശാസ്ത്രിനഗർ മുതൽ താറ്റ്യാട് വരെ | -₹191360 |
| ആകെ. | -₹499476 |

(ബിൽ നം.99/2018-19 തീയതി. 13.12.2018, വൗച്ചർ.നം. 21800732/13.12.2018)

പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള അന്വേഷണത്തിന് പ്രസ്തുത പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട് എന്നും പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലൈൻ വലിക്കൽ പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കേണ്ടതും സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതുമാണ്

## 1-23 കറവപ്പശു വിതരണ പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിന് തുക അനുവദിച്ചു ₹ 10610 നിരാകരിക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് : 12/19- സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

അടങ്കൽ : ₹25000 വികസന ഫണ്ട്

: ₹25000 ഗുണഭോക്തൃ വിഹിതം

ആകെ : ₹50000

ചെലവ് : ₹23314 ബിൽ നം. 05/18-19 തീയതി 25-02-2019

ഇൻഷ്വർ ചെയ്തതിന്റെ പോളിസി സർട്ടിഫിക്കറ്റ്, ഉരുക്കളുടെ കൂടെ ക്ഷീര കർഷകന്റെ ഫോട്ടോ എന്നിവ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 11 ക്ഷീര കർഷകർക്ക് ഇൻഷ്വർ തുകയുടെ 50% അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ കറവപ്പശു വിതരണ പ്രോജക്ടിൽ (18/19) ഉൾപ്പെട്ട ഗുണഭോക്താക്കളാണ്. സ.ഉ.(കൈ) നം. 22/2018 തസ്വഭവ. തീയതി 14-02-2018 സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.2.1 ൽ കറവയുള്ള പശു / കറവയുള്ള എരുമ എന്നിവയെ വാങ്ങുന്നതിനുള്ള മാനദണ്ഡത്തിൽ തൊഴുത്ത് പുനരുദ്ധാരണം, കൂട് നിർമ്മാണം, തീറ്റയുടെ ചെലവ്, കടത്തു കൂലി, ഇൻഷ്വറൻസ് തുക എന്നിവ പ്രോജക്ടിന്റെ ഭാഗമാക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇതിനുള്ള കുറിപ്പ് -1- ൽ കറവപ്പശുവിന്റെ വില ജില്ലാതലത്തിൽ നിശ്ചയിക്കണമെന്നും വില കണക്കാക്കുമ്പോൾ ഇൻഷ്വറൻസ്,കടത്തുകൂലി എന്നിവ ഉൾപ്പെടുത്താൻ പാടില്ല എന്നും അവ ഗുണഭോക്താക്കൾ വഹിക്കണം എന്നും പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലംഘിച്ച് മേൽ പ്രോജക്ട് പ്രകാരം ഇൻഷ്വറൻസ് ആനുകൂല്യം അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| ക്രമ നമ്പർ | ഗുണഭോക്താക്കളുടെ പേര് | പോളിസി നമ്പർ | ടാഗ് നമ്പർ | അനുവദിച്ച തുക |
|---|---|---|---|---|
| 1 | റസിയ.പി. പുതിയാണ്ടി | 1008004718P110358315 | 420030321253 | 1725 |
| 2 | റുഖിയ ഒമ്പാൻ | 1008004718P109650918 | 420029203793 | 1725 |
| 3 | സിജി ചക്കാലയിൽ, w/o ബെന്നിച്ചൻ | 1008054718P110844362 | 420029934674 | 1725 |
| 4 | ഖദീജ പാലക്കി | 1008004718P109685771 | 420030443983 | 1725 |
| | | | | |

| | | | | |
|---|---|---|---|---|
| 5 | വിമല. വി.കെ | ലഭ്യമല്ല | ലഭ്യമല്ല | 1985 |
| 6 | ഷീല രാജൻ, ചെറുപുള്ളിയിൽ, w/o രാജൻ.സി.ജി. | 1008004718P109677802 | 420029939864 | 1725 |
| ആകെ | | | | 10610 |

(വിമല.വി.കെ എന്നിവർ പശുവിനെ ഇൻഷ്വർ ചെയ്തതിന്റെ പോളിസി സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്)

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/16-12-2018 ) നൽകിയ മറുപടിയിൽ കറവപ്പശു വിതരണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ഇൻഷ്വറൻസ് തുക നൽകിയിട്ടില്ലെന്നും മറ്റൊരു പ്രോജക്ടായ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പ്രോജക്ട് (12/19) പദ്ധതിക്കായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് നൽകിയത് എന്നുമാണ്. ഈ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ ചെലവ് തുക ₹10610 ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവ് തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

# 1-24 പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല / ഈടാക്കിയതിലെ കുറവ്

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

1. പ്രോജക്ട് നമ്പർ : 140/19- ശിവപുരം -കക്കറ കണ്ടേരി വയൽ റോഡ് ടാറിംഗ്

അടങ്കൽ :₹497980 തനത് ഫണ്ട്

ചെലവ് :₹497980 ചെക്ക് നം .0803219 തീയതി 27-07-2018

കരാർ തുക :₹499000

കരാറുകാരൻ : ശ്രീ.രതീഷ് കുമാർ .കെ.ഇ

കരാർ നം/തീയതി : AE/LSGD/MLR/05/2016-17 dtd 01-02-2017

എം . ബുക്ക് : 05/16-17

പ്രവൃത്തി പൂർത്തീകരണ തീയതി : 30-08-2017

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 26-04-2018

കാലതാമസം : 7മാസം 27ദിവസം

2. പ്രോജക്ട് നമ്പർ : 145/19- ബാലൻകണ്ടി ചോതാര റോഡ് ടാറിംഗ്

അടങ്കൽ : ₹527750 തനത് ഫണ്ട്

ചെലവ് : ₹527728 ബിൽ നം. 10/18-19 തീയതി 27-07-2018

കരാർ തുക : ₹593216.81

കരാറുകാരൻ : ശ്രീ.രതീഷ് കുമാർ .കെ.ഇ

കരാർ നം/തീയതി : AE/LSGD/MLR/11/2017-18 dtd 27-11-2017

എം . ബുക്ക് : 11/17-18

പ്രവൃത്തി പൂർത്തീകരണ തീയതി : 26-02-2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 28-03-2018

കാലതാമസം : 1മാസം 2ദിവസം

ജി.ഒ (പി)നം .13/2012/പി.ഡബ്ല്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖ.2112 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പിഴ ചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. യഥാർഥ പൂർത്തീകരണ കാലത്തിന്റെ 25% ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിൽ 25% വും പരമാവധി യഥാർഥ പൂർത്തീകരണ കാലത്തിന്റെ പകുതിയും കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. 2112.1 ഖണ്ഡിക പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ആദ്യ 25% കരാർതുകയുടെ 1% പിഴയും അടുത്ത 25% കരാർതുകയുടെ 2% പിഴയും ഈടാക്കേണ്ടതാണ്. എന്നാൽ 100% അധികം സമയം പൂർത്തീകരണത്തിന് എടുത്തിട്ടും ക്രമനമ്പർ -1- ലെ പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്ന് 2% പിഴ മാത്രമേ ഈടാക്കിയിട്ടുള്ളൂ. 2112.1 ഖണ്ഡിക പ്രകാരം 3% പിഴ ഈടാക്കേണ്ടതാണ്. ക്രമനമ്പർ -2- പ്രവൃത്തി പൂർത്തീകരിക്കാൻ യഥാർത്ഥ സമയപരിധിയുടെ 25% ത്തിലധികം സമയം എടുത്തിട്ടുണ്ട് എന്നാൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. നിയമാനുസൃതം 3% പിഴ ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | പ്രവൃത്തി പേര് | കരാർ തുക | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | ബാക്കി |
|---|---|---|---|---|---|
| 1 | 140/19- ശിവപുരം -കക്കറ കണ്ടേരി വയൽ റോഡ് ടാറിംഗ് | 499000 | Fine 3% = 14970<br>GST 18% = 2694<br>Total = 17664 | Fine = 9960<br>GST 18% = 1793<br>Total = 11753 | Fine = 5010<br>GST 18% = 901<br>Total = 5911 |
| 2 | 145/19- ബാലൻകണ്ടി ചോതാര റോഡ് ടാറിംഗ് | 593216.81 | Fine 3% = 17797<br>GST 18% = 3203<br>Total = 21000 | ഇല്ല | Fine 3% = 17797<br>GST 18% = 3203<br>Total = 21000 |

പിഴ ഈടാക്കാത്തതു കാരണം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായ ₹22807 ( 5010+17797 ) യും ചരക്ക് സേവന നികുതി ഇനത്തിൽ ഈടാക്കേണ്ട ₹4104-യും ( 901+3203 ) (സംസ്ഥാന കേന്ദ്ര സർക്കാറുകൾക്കും നഷ്ടം സംഭവിച്ച തുക) ഈടാക്കി നിശ്ചിത ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 ടെണ്ടറിൽ ഉൾപ്പെടാത്ത പ്രവൃത്തിക്ക് കരാറുകാരന് തുക നൽകി ₹ 179963 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നമ്പർ :133/19- താറ്റ്യോട് അംഗൻവാടി, ഗവ.എൽ.പി സ്കൂൾ പൂവ്വംപോയിൽ കുടിവെള്ളം ലഭ്യമാക്കൽ

അടങ്കൽ :₹179963 തനത് ഫണ്ട്

ചെലവ് :₹179963 ചെക്ക് നം .0803206തീയതി 28-06-2018

കരാറുകാരൻ : ശ്രീ.പി.ടി.ശ്രീനിവാസൻ

എം.ബുക്ക് :എം.ബുക്കിൽ നമ്പർ ചേർത്തിട്ടില്ല. ബില്ലിൽ 20/17-18 എന്ന് ചേർത്തിട്ടുണ്ട്

കരാർ നം.തീയതി : AE/ISGD/MLR/02/17-18 തീയതി 05-06-2017

2016-17 ൽ ₹200000 വികസന ഫണ്ട് വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടാണിത് (112/17). ഇതുപ്രകാരം താറ്റ്യോട് അംഗൻവാടി, ഗവ.എൽ.പി സ്കൂൾ പൂവ്വംപോയിൽ എന്നിവിടങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് വാട്ടർ ടാങ്ക് സ്ഥാപിക്കൽ , പൈപ്പിടൽ, മോട്ടോർ സ്ഥാപിക്കൽ എന്നിവയ്ക്ക് വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് (Estimate No.2017/8758). ഇതിൽ മോട്ടോർ സ്ഥാപിക്കൽ ഒഴികെയുള്ള പ്രവൃത്തികളാണ് (ടെണ്ടർ തുക ₹137181.69) ടെണ്ടർ ചെയ്തിട്ടുള്ളത്. 2017-18 ൽ വികസന ഫണ്ട് വകയിരുത്തി സ്പിൽ ഓവർ പ്രോജക്ടായി അംഗീകരിക്കുകയും കരാർ പ്രകാരം 04-12-2017 ന് പൂർത്തിയാക്കേണ്ട പ്രവൃത്തി 15-11-2017 ൽ പൂർത്തീകരിച്ചിട്ടുമുണ്ട്. എന്നാൽ കരാറുകാരന് 2017-18 ൽ തുക നൽകിയിട്ടില്ല.

കരാറിൽ ഉൾപ്പെടാത്ത മോട്ടോർ സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ 21-06-2017 ൽ ക്ഷണിച്ച ക്വട്ടേഷൻ അംഗീകരിക്കുന്നതിനായി 14-02-2018 ലെ AE/LSGD/MLR/QUATATION /17-18 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുകയും 03-03-2018 ലെ ഭരണ സമിതി 1/01(2)/18 നമ്പർ പ്രകാരം ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത എലഗന്റ് ഹാർഡ് വേയ്സിന്റെ ₹44191 ക്വട്ടേഷൻ അംഗീകരിച്ച നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ 21-03-2018 ഇൻവോയ്സ് 15 പ്രകാരം ലഭ്യമാക്കിയ മോട്ടോറിന്റെ വില ആകെ പ്രവൃത്തി മൂല്യത്തോട് ചേർത്ത് കരാറുകാരന് ചെക്ക് നം 7723211 തീയതി 29-06-2018 പ്രകാരം ₹178163 അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത് നൽകുകയാണുണ്ടായത്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. 2018-19 ലെ സ്പിൽ ഓവർ പ്രോജക്ടായി അംഗീകരിച്ച പ്രോജക്ടിൽ (ഓഡിറ്റിന് ലഭ്യമാക്കിയ പകർപ്പിൽ) വികസന ഫണ്ട് തന്നെയാണ് വകയിരുത്തിയിട്ടുള്ളത് . എന്നാൽ പ്രവൃത്തി ബിൽ പ്രകാരം തനത് ഫണ്ടിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളതും സുലേഖയിൽ ചെലവ്

ചേർത്തിട്ടുള്ളതും. 08-06-2018 ലെ 2/2/18 തീരുമാന പ്രകാരം പ്രോജക്ടിന് വേണ്ട തുക തനത് ഫണ്ടിൽ നിന്നും കണ്ടെത്തി ഭേദഗതികളോടെ തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടില്ല.

2. കരാറിൽ ഉൾപ്പെടാത്ത പ്രവൃത്തിയായ മോട്ടോർ സ്ഥാപിക്കൽ കരാറുകാരൻ വഴി നടപ്പിലാക്കുകയും വില കരാറുകാരന് നൽകുകയും ചെയ്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ തുക മോട്ടോർ ലഭ്യമാക്കിയ സ്ഥാപനത്തിന് നൽകിയതിന്റെ വിവരവും മോട്ടോർ എവിടെയാണ് സ്ഥാപിച്ചത് എന്നും പ്രസ്തുത സ്ഥാപനം അവ സ്റ്റോക്കിലെടുത്തതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. മോട്ടോർ ലഭ്യമാക്കിയ ബില്ലിൽ തീയതി തിരുത്തിയതായും കാണുന്നു.

3. മോട്ടോർ സ്ഥാപിച്ച വിവരം എം.ബുക്കിൽ ബിൽ തയ്യാറാക്കിയതിനോടൊപ്പം 28-03-2018 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും ബിൽ തുക 2017-18 വർഷം നൽകാതിരുന്നതിനാൽ വികസന ഫണ്ട് നഷ്ടപ്പെടാൻ കാരണമായി. ഇതിനാൽ തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടി വന്നു.
മേൽ അപാകം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/18-12-2019) മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദീകരണത്തിനായി ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹179963 തടസ്സപ്പെടുത്തുന്നു.

# 1-26 പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കേണ്ടത്. എന്നാൽ പല പ്രവൃത്തികളിലും ഇത്തരം നിബന്ധനകൾപാലിക്കുന്നില്ല. വിശദാംശം ചുവടെ

(i) <u>പ്രവൃത്തി പൂർത്തീകരണ കാലയളവ് - സമയക്രമം പാലിക്കുന്നില്ല</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തീയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. വളരെ കുറഞ്ഞ സമയത്തിനകം പൂർത്തീകരിക്കാവുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പോലും 6 മാസം പൂർത്തീകരണകാലാവധി നിശ്ചയിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരം പ്രവൃത്തികളുടെ കരാറിൽ ഏർപ്പെടുമ്പോൾ പല പ്രവൃത്തികളിലും 7 മാസം വരെ

പൂർത്തീകരണ സമയം അനുവദിച്ച് കാണുന്നു. അംഗീകരിച്ച സമയക്രമം മാറ്റുന്നതിനുള്ള തീരുമാനങ്ങൾ ഒന്നും പഞ്ചായത്ത് ഭരണ സമിതി എടുത്തതായും കാണുന്നില്ല. ഉദാ:-

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഷെഡ്യൂൾപ്രകാരം പൂർത്തീകരണ കാലാവധി | കരാർ പ്രകാരം പൂർത്തീകരണ കാലാവധി |
|---|---|---|---|
| 1 | 140/19- ശിവപുരം- കക്കറ കണ്ടേരി വയൽ റോഡ് ടാറിംഗ് | 6 മാസം | 7മാസം |
| 2 | 132/`19- തോലമ്പ്ര സഹകരണ ബാങ്ക് കടമ്പത്തിൽ റോഡ് ടാറിംഗ് | 6 മാസം | 7മാസം |

(ii) കാലാവധി ദീർഘീകരണം (Extension of Time) & പിഴ

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരുകയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

കൃത്യസമയത്ത് പ്രവൃത്തി പൂർത്തീകരിക്കാത്തതിന് മാന്വൽ പ്രകാരമുള്ള പരമാവധി പിഴ ഈടാക്കുന്നുണ്ടെങ്കിലും സമയപരിധി ദീർഘിപ്പിക്കുന്നതിന് കൃത്യസമയത്ത് അപേക്ഷ നൽകുകയോ ഇതിന് പഞ്ചായത്തിന്റെ അനുമതി വാങ്ങുകയോ സപ്ലിമെന്ററി കരാർ വെക്കുകയോ ചെയ്യുന്നില്ല. കൂടാതെ പൂർത്തികരണ കാലാവധി വൈകിയവയിൽ പൂർത്തീകരണ സമയത്തിന്റെ 100% കാലാവധി എടുക്കുകയും ചെയ്തിട്ടുണ്ട്.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-27 സമഗ്ര വിദ്യാഭ്യാസ പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകങ്ങൾ -ചെലവ് തുക

# 1,99,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ ,ജി.എൽ.പി.എസ്, കാഞ്ഞിലേരി.

പ്രോജക്ട് : 76/19- സമഗ്ര വിദ്യാഭ്യാസ പരിപാടി

അടങ്കൽ : ₹200000 വികസന ഫണ്ട്

ചെലവ് : ₹199000

ഗണിതം ലളിതം , പത്രം സ്കൂളിൽ, സ്പോർട്സ് കിറ്റ് വിതരണം, കുട്ടികളിലെ കായിക പരമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ , കലാപോഷണം എന്നിവ നടപ്പാക്കുന്നതിനാണ് സമഗ്ര വിദ്യാഭ്യാസ പരിപാടി തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഗണിതം ലളിതം, കലാപോഷണം

സ.ഉ(കൈ) നം 11/2018 തസ്വഭവ തീയതി 29-01-2018 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 7.6.4 പ്രകാരം പഠനനിലവാരം ഉയർത്തുക, വിദ്യാർത്ഥികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.എ, ആർ.എം.എസ്.എ , വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പുവരുത്തിയ ശേഷം തദ്ദേശഭരണ വകുപ്പുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്.എസ്.എ.ജില്ലാ പ്രോജക്ട് ഓഫിസറുടെ 15-02-2019 ലെ .എ/എൽ.എസ്.ജി/18 നമ്പർ കത്ത് പ്രകാരം ഗണിത പഠനം, കലാപോഷണം എന്നിവയ്ക്ക് ഉൾപ്പെടെയാണ് എസ്.എസ്.എ വിഹിതമിനത്തിൽ ₹11,19,446 നൽകിയിട്ടുള്ളത്. ആയതിനാൽ സർക്കാർ ഉത്തരവ് ലംഘിച്ചാണ് കലാപോഷണം, ഗണിതം ലളിതം എന്നീ പരിപാടികൾ ഏറ്റെടുത്തിട്ടുള്ളത്.

കലാപോഷണം എന്ന പരിപാടി നടത്തിയതിന് 11സ്കൂളുകൾക്ക് ₹5000 വീതം നൽകുന്നതിന് ബിൽ നം 13/18-19 തീയതി 07-03-2019 പ്രകാരം ₹55000 നൽകിയിട്ടുണ്ട്. വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളായ രചനാമത്സരം, നാടകക്കളരി , വരക്കൂട്ടം ശില്പശാല, ഗാനമഞ്ജരി എന്നിവ നടത്തിയതിനുള്ള വൗച്ചറുകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് മാലൂർ യു.പി. സ്കൂളിന് തുക നൽകിയിട്ടുള്ളത്. കൂടാതെ മറ്റ് സ്കൂളുകൾക്ക് ഒറിഗാമി പരിശീലനം, സംഗീത പരിശീലനം ,നാടൻപാട്ട് പരിശീലനം, നൃത്തപരിശീലനം തുടങ്ങിയ പരിപാടികൾ നടത്തി എന്നതിനുള്ള വൗച്ചറുകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലുമാണ് തുക അനുവദിച്ചിരിക്കുന്നത്. പദ്ധതി കൃത്യമായി നടപ്പിലാക്കിയിട്ടുണ്ടോ എത്ര കുട്ടികൾക്ക് പരിശീലനം നൽകി എന്നുള്ള വിവരവും പ്രോജക്ടിന്റെ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

ഗണിതം ലളിതം എന്ന പരിപാടി നടത്തിയതിന് 11സ്കൂളുകൾക്ക് ₹4000 വീതം നൽകുന്നതിന് ബിൽ നം 15/18-19 തീയതി 07-03-2019 പ്രകാരം ₹44000 നൽകിയിട്ടുണ്ട്. പ്രോജക്ട് പ്രകാരം ഗണിതം ലളിതം പദ്ധതി മൂന്നാം ക്ലാസ് വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് നടത്തുന്നത്. എന്നാൽ സ്കൂളുകളിൽ നിന്നും പേപ്പർ, സ്കെയിൽ, അബാക്കസ്, മുത്തുകൾ, ജ്യോമെട്രിക് ബോക്സ് മുതലായ സാധനങ്ങൾ വാങ്ങിയതിന്റെ വൗച്ചറുകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ്

ചെയ്തിട്ടുള്ളത്. മേൽ സാധങ്ങൾ വാങ്ങുന്നതിന് ടീച്ചർ ഗ്രാന്റിനത്തിൽ എസ്.എസ്.എ അനുവദിക്കുന്ന തുക ഉപയോഗിക്കാം എന്നിരിക്കെ ഇത്തരത്തിൽ തുക വിനിയോഗിക്കുന്നത് ശരിയായ നടപടിയല്ല. പദ്ധതി കൃത്യമായി നടപ്പിലാക്കിയിട്ടുണ്ടോ എത്ര കുട്ടികൾക്ക് പങ്കെടുത്തു എന്നുള്ള വിവരവും പ്രോജക്റ്റിന്റെ മോണിറ്ററിംഗ് നടത്തിയതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

2. കായിക പരിശീലനം നൽകിയതിന് ശ്രീ. സഹജൻ നാനോത്ത് എന്നയാളുടെ 04-12-2018 ലെ അപേക്ഷയിൽ ₹22500 (45 x 500) ബിൽ നം . 14/18-19 തീയതി 07-03-2019 പ്രകാരം നൽകിയിട്ടുണ്ട്. ശ്രീ.സഹജൻ നാനോത്ത് എന്നയാൾ നിശ്ചിത യോഗ്യതയുള്ളയാളാണോ എന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല . കൂടാതെ ഏതിനത്തിലാണ് പരിശീലനം നൽകിയത്, എവിടെ വെച്ച് എത്ര കുട്ടികൾക്ക് പരിശീലനം നൽകി എന്നുള്ള വിവരങ്ങൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

3.ബിൽ നം. 09/18-19 തീയതി 20-12-2018 പ്രകാരം ₹22500 ശ്രീ. സഹജൻ നാനോത്ത് എന്നയാളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ എന്തിന് തുക നല്കി എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

4.പത്ര വിതരണം :- ബിൽ നം 08/18-19 തീയതി 20-12-2018 പ്രകാരം ₹11000 സ്കൂളുകളിൽ പത്ര വിതരണത്തിനായി ദേശാഭിമാനി പബ്ലിക്കേഷന് നൽകിയിട്ടുണ്ട്. കരാർ പ്രകാരം 11 സ്കൂളുകൾക്ക് 01-06-2018 മുതൽ 31-03-2019 വരെ പത്രം വിതരണം ചെയ്യുന്നതിനാണ് തുക അനുവദിച്ചത് . സ.ഉ(പി) നം.177/06 തീയതി 12-04-2006 ലംഘിച്ച് തുക മുൻകൂർ പിൻവലിച്ച് നൽകി. കൂടാതെ പത്രം കൃത്യമായി വിതരണം ചെയ്തതിന് സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രവുമില്ല.

5. ബിൽ നം 05/18-19 തീയതി 03-10-2018 പ്രകാരം ₹44000 ശ്രീ.എം.പി.ബിജോയ് എന്നവരുടെ പേരിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട് . ബില്ലിന്റെ കൂടെ ഒളിമ്പിക് ഏജൻസീസ് ജവഹർ സ്റ്റേഡിയം കണ്ണൂർ ; മുകുന്ദ് സ്പോർട്സ് ജവഹർ സ്റ്റേഡിയം കണ്ണൂർ എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുമാണ് സൂക്ഷിച്ചിട്ടുള്ളത് . എന്നാൽ ക്വട്ടേഷൻ പ്രകാരം വാങ്ങിയ സാധങ്ങളുടെ വിവരവും ഇവ വിതരണം ചെയ്ത വിവരവും ലഭ്യമാക്കിയിട്ടില്ല

മേൽ അപാകങ്ങൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/16-12-19)മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹199000 തടസ്സപ്പെടുത്തുന്നു. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-28 പഠന വീട് - പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തൽ രേഖകൾ ലഭ്യമാക്കിയില്ല - 76,460/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ ,ജി.എൽ.പി.എസ്.കാഞ്ഞിലേരി.

പ്രോജക്റ്റ് : 79/19- പഠന വീട് - പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർഥികളുടെ പഠന നിലവാരം ഉയർത്തൽ

അടങ്കൽ : ₹87000 വികസന ഫണ്ട്(ടി.എസ്.പി)

ചെലവ് : ₹16640 ബിൽ നം. 03/18-19 തീയതി 14-09-2018

: ₹25440 ബിൽ നം. 07/18-19 തീയതി 29-11-2018

: ₹34380 ബിൽ നം. 17/18-19 തീയതി 25-03-2019

ആകെ : ₹76460

പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർഥികൾകളുടെ പഠന നിലവാരം ഉയർത്താൻ പ്രത്യേക ട്യൂഷൻ നൽകുന്നതിനുള്ള പ്രോജക്ടാണിത് . ഇതുപ്രകാരം പൂവംപൊയിൽ എൽ.പി. സ്കൂൾ, വെള്ളർവെള്ളി എൽ.പി.സ്കൂൾ, തോലമ്പ്ര യു.പി.സ്കൂൾ, എച്ച്.എസ്.എസ്.മാലൂർ എന്നീ സ്കൂളുകളിൽ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 25-06-2018 മുതൽ 25-03-2019 വരെ ട്യൂഷൻ നൽകിയതിന് ഒരു കുട്ടിക്ക് ഒരു ദിവസത്തേക്ക് ലഘുഭക്ഷണത്തിനും ട്യൂഷനും കൂടി ₹20 നിരക്കിൽ ₹76460 ചെലവഴിക്കുകയാണുണ്ടായത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ) നം.11/2018/തസ്വഭവ തീയതി 29-01-2018) അനുബന്ധം 5 ഖണ്ഡിക 2.8.5 പ്രകാരം പട്ടിക വർഗ കുടുംബങ്ങളിലെ എല്ലാ വിദ്യാർത്ഥികളുടെയും പഠന നിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്തണം. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ , കോളേജ് വിദ്യാർഥികൾ, അധ്യാപകർ, സാക്ഷരതാ പ്രേരക് മാർ, മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പ് തദ്ദേശഭരണ സ്ഥാപനത്തിൽ രൂപീകരിക്കണം. സപ്പോർട്ട് ഗ്രൂപ്പിന്റെ സംഘടനാ ചെലവ് പട്ടിക വർഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് ഹോണറേറിയം കൊടുക്കുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കിരൺ കുടുംബശ്രീയിലെ ലീലാമണി.പി.പി, 25-06-2018 നിർവഹണ ഉദ്യോഗസ്ഥന് നൽകിയ കത്തിൽ പഠന വീട് പദ്ധതിയിൽ കുട്ടികൾക്ക് ലഘുഭക്ഷണം നൽകി ട്യൂഷൻ ക്ലാസ്സ് നടത്തുന്നതിന് ഒരു കുട്ടിക്ക് ₹20 നിരക്കിൽ തയ്യാറാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക നൽകുകയാണ് ഉണ്ടായത് . പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ നൽകുന്നു.

1.മാർഗ്ഗരേഖ പ്രകാരം സപ്പോർട്ടിംഗ് ഗ്രൂപ്പ് രൂപീകരിച്ച് സംഘാടന ചെലവ് മാത്രമേ നൽകാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയ സാഹചര്യത്തിൽ ഇത്തരത്തിൽ താല്പര്യ പത്രം വാങ്ങി തുക നൽകിയതിന്റെ കാരണവും സപ്പോർട്ടിംഗ് ഗ്രൂപ്പ് രൂപീകരിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

2. ട്യൂഷൻ നടത്തിയതിന് ലഭ്യമാക്കിയ രേഖ ഹാജർ പട്ടിക മാത്രമാണ്. ക്ലാസ്സ് എവിടെ വെച്ച് എപ്പോൾ നടത്തി എന്നോ, ക്ലാസ്സുകൾ മോണിറ്ററിംഗ് കമ്മിറ്റി സന്ദർശിച്ചതിന്റെ വിവരമോ മോണിറ്ററിംഗ് റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. ഹാജർ പട്ടിക പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ പോലും ഒരു പ്രാവശ്യമാണ് ക്ലാസ്സ് സന്ദർശിച്ചത് (11-03-2019).

മേൽ അപാകങ്ങൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/16-12-19)മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹76460 തടസ്സപ്പെടുത്തുന്നു. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 കോച്ചിംഗ് ക്യാമ്പ് കോംപ്ലക്സ് സ്പോർട്സ് പദ്ധതി -മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല ₹ 100000

## തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ ,ജി.എൽ.പി.എസ്.കാഞ്ഞിലേരി.

പ്രോജക്ട് : 119/19- കോച്ചിംഗ് ക്യാമ്പ് കോപ്ലക്സ് സ്പോർട്സ്

അടങ്കൽ : ₹ 100000 (വികസനഫണ്ട്)

ചെലവ് :₹ 1,00,000 ബിൽ നം . 04/18-19 തീയതി 13-10-2018

അവധിക്കാലത്ത് വോളിബോൾ പരിശീലനം നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ട് പ്രകാരം 112 കുട്ടികൾക്ക് 24 ദിവസത്തെ പരിശീലനമാണ് ഹാജർ പട്ടിക പ്രകാരം നൽകിയിട്ടുള്ളത്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. വോളിബോൾ പരിശീലനം നൽകിയതിന് ശ്രീ. സഹജൻ നാനോത്ത് എന്നവർക്ക് ₹35325 നൽകിയിട്ടുണ്ട്. സ.ഉ(കൈ)നം. 11/2018 തസ്വഭവ . തീയതി 29-01-2018 ലെ ഖണ്ഡിക 6.4.6 പ്രകാരം സ്പോർട്സ് കൗൺസിൽ അംഗീകരിച്ച പരിശീലകരുടെ സഹായത്തോടെ കുട്ടികൾക്ക് കായിക പരിശീലനങ്ങൾ നൽകാവുന്നതാണ്. എന്നാൽ പരിശീലകനായി തിരഞ്ഞെടുത്ത ശ്രീ.സഹജൻ നാനോത്ത് എന്നയാൾ നിശ്ചിത യോഗ്യതയുള്ളയാളാണോ എന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2.ബിൽ പ്രകാരം ശ്രീ.ബിനു.യു എന്നയാളുടെ അക്കൗണ്ടിലേക്ക് ₹10000 ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുക നൽകിയത് ഏതിനത്തിലാണ് എന്ന് വ്യക്തമല്ല. ഒപ്പുമാത്രം വെച്ച ഒരു വെള്ളക്കടലാസ് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

3. കെ.വി.എസ്.സ്പോർട്സ് & വേർസ് എന്ന സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ പ്രകാരം ₹30000 ന് വോളിബോൾ നെറ്റ് , വോളിബോൾ, ജേഴ്സി എന്നിവ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ.ഉ(പി) നം.259/2010/ തസ്വഭവ തീയതി 08-11-2010 പ്രകാരം ഗ്രാമപഞ്ചായത്തുകൾ ₹25000 മുകളിലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ രീതി അവലംബിക്കേണ്ടതാണ്. എന്നാൽ വാങ്ങലുകൾ ക്വട്ടേഷൻ പ്രകാരമാണ് നടത്തിയിട്ടുള്ളത്.

4. പരിശീലനത്തിനുള്ള കുട്ടികളെ തെരഞ്ഞെടുത്തത് എങ്ങനെ എന്നുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.

5.മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടികാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/16-12-19)മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹100000. തടസ്സപ്പെടുത്തുന്നു. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 സ്മാർട്ട് ക്ലാസ്സ് റൂം- ഒന്നാം ക്ലാസ്സ് ഒന്നാതരം - വാങ്ങൽ നടപടിക്രമം പാലിച്ചില്ല - ₹154746 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ ,ജി.എൽ.പി.എസ്.കാഞ്ഞിലേരി.

പ്രോജക്ട് : 105/19- സ്മാർട്ട് ക്ലാസ്സ് റൂം- ഒന്നാം ക്ലാസ്സ് ഒന്നാതരം

അടങ്കൽ : ₹180000- തനത് ഫണ്ട്

: ₹90000 -ബ്ലോക്ക് പഞ്ചായത്ത് വിഹിതം

: ₹30000 - ജില്ലാ പഞ്ചായത്ത് വിഹിതം

ആകെ : ₹300000

ചെലവ് : ₹14200 – ചെക്ക് നം .1351776തീയതി 23-03-2019

:₹ 90000 - ചെക്ക് നം .1351777തീയതി 23-03-2019

:₹2396 - ചെക്ക് നം . 271159തീയതി 23-03-2019

:₹48150 - ചെക്ക് നം . 217165തീയതി 26-03-2019

ആകെ :₹154746

കാഞ്ഞിലേരി ജി.എൽ.പി.എസിലെ ഒന്നാം ക്ലാസ്സ് ഒന്നാതരമാക്കുന്നതിനാണ് (സ്മാർട്ട് ക്ലാസ്സ് റൂം) പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് . ക്ലാസ്സിലേക്കാവശ്യമായ ഡെസ്ക്, ബെഞ്ച്, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിനും ക്ലാസ്സ് ശീതീകരിക്കുന്നതിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ബെഞ്ച്, ഡസ്ക്, ,കമ്പ്യൂട്ടർ എന്നിവ വാങ്ങൽ മാത്രമാണ് നടപ്പിലാക്കിയത് . പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ.ഉ(സാധാ) നം.97/2018പൊ.വി.വ.തീയതി 06-01-2018 ഖണ്ഡിക 5പ്രകാരം സ്മാർട്ട് ക്ലാസ്സ് റൂമിലേക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടറുകൾ മാത്രമേ വാങ്ങാൻ പാടുള്ളൂ. എന്നാൽ ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടറുകളാണ് വാങ്ങിയിരിക്കുന്നത്. കൂടാതെ സ.ഉ(എം.എസ്)നം.24/2017/ITD തീയതി 18.11.2017 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓൺലൈൻ സർക്കാർ പോർട്ടൽ സംവിധാനത്തിലൂടെയല്ലാതെ ഐ. ടി. ഉപകരണങ്ങൾ വാങ്ങുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെ ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ വില ക്വാട്ട് ചെയ്ത കുമാർ ഐ.ടി , കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്ന് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളത്.

2. പൊതു വിദ്യാഭ്യാസ വകുപ്പ് സ്മാർട്ട് ക്ലാസ്സ് റൂമിന് നിർദ്ദേശിച്ച സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ തന്നെയാണോ വാങ്ങിയത് എന്നും ടെണ്ടർ ക്ഷണിച്ചതിന്റെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിവരവും ലഭ്യമാക്കിയിട്ടില്ല.

3.ടെണ്ടർ പ്രകാരം ആവശ്യപ്പെട്ട സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ തന്നെയാണ് ലഭ്യമാക്കിയത് എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചതിന്റെ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

4. ബെഞ്ച്, ഡസ്ക് എന്നിവ ടെണ്ടർ വഴിയാണ് വാങ്ങിയിരിക്കുന്നത്. കുറഞ്ഞ വില ക്വാട്ട് ചെയ്ത ഗ്ലോബൽ അസോസിയേറ്റ്സിന്റെ ടെണ്ടറാണ് ഭരണ സമിതി അംഗീകരിച്ച് നൽകിയിട്ടുള്ളത്. എന്നാൽ ഗ്ലോബൽ അസോസിയേറ്റ്സിന്റെ ടെണ്ടറിൽ ഏതിനത്തിലുള്ളവ (മരം,സ്റ്റീൽ, മുതലായവ) യാണെന്ന് സൂചിപ്പിച്ചിട്ടില്ല. അതുപോലെ ഫിഡ്കോ, റോയൽ ഏജൻസീസ് കോഴിക്കോട് എന്നീ

സ്ഥാപനങ്ങൾ അളവുകൾ വ്യക്തമാക്കിയിട്ടില്ല. കൂടാതെ ടെണ്ടർ സ്പെസിഫിക്കേൻ എന്നിവ ലഭ്യമാക്കിയിട്ടില്ല.

5.വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/18-12-19)മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹154746 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-31 അക്ഷര ലക്ഷം പദ്ധതി:- മുഴുവൻ രേഖകളും ലഭ്യമാക്കിയില്ല - 18,932/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ ,ജി.എൽ.പി.എസ്.കാഞ്ഞിലേരി.

പ്രോജക്ട് : 81/19- അക്ഷരലക്ഷം

അടങ്കൽ :₹ 25000 (വികസന ഫണ്ട്)

ചെലവ് :₹18932 (ബിൽ നം. 10/18-19 തീ. 20.12.18)

16 നും 75 നും ഇടയിൽ പ്രായമുള്ള അക്ഷരജ്ഞാനം ഇല്ലാത്തവർക്ക് അക്ഷരജ്ഞാനം നേടികൊടുക്കുന്ന പ്രോജക്ടാണിത്. ഇതു പ്രകാരം മാലൂർഗ്രാമപഞ്ചായത്തിലെ II, VII, XII, എന്നീ വാർഡുകളിലെ നിരക്ഷരരുടെ കണക്കെടുക്കുന്നതിനും വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തുന്നതിനും ക്ലാസ്സുകൾ കൈകാര്യം ചെയ്തതിനും ക്ലാസ്സിലേക്ക് ആവശ്യമായ സ്റ്റേഷനറി വാങ്ങിയതിനുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ കണക്കെടുത്തതിന്റെ വിവരങ്ങൾ, എത്ര പേർക്ക് എപ്പോൾ എവിടെ ക്ലാസ്സ് നൽകി എന്നീ വിവരങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടികാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/16-12-2-19)മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹18932 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-32 തുടർ സാക്ഷരത 4,7,10,11തുല്യത ചെലവ് രേഖകൾ ലഭ്യമാക്കിയില്ല - 74,000/- രൂപ തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ ,ജി.എൽ.പി.എസ്.കാഞ്ഞിലേരി.

പ്രോജക്ട് : 80/19- തുടർ സാക്ഷരത 4,7,10,11തുല്യത

അടങ്കൽ : ₹75000- വികസന ഫണ്ട്

ചെലവ് : ₹74000

പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവുരേഖകൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12.2 പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും

അതനുസരിച്ചുള്ള നിഗമനത്തിൽ എത്താവുന്നതാണ് എന്ന് ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/16-12-19)മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹74000 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സാധനഘടകങ്ങൾ സപ്ലൈ ചെയ്യുന്നതിന് പൊതുമാരാമത്ത് കോൺട്രാക്ടറെ ഏൽപ്പിച്ചു, കരാർ പ്രകാരമുള്ളതിലും കൂടിയ തുക അനുവദിച്ചു -₹ 2664 നിരാകരിക്കുന്നു

2018-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിലുൾപ്പെടുത്തി ഒരു കോൺക്രീറ്റ് റോഡ് നിർമ്മിച്ചിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ സാധനഘടകങ്ങൾ പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് പൊതുമരാമത്ത് പ്രവൃത്തി ഏറ്റെടുക്കുന്ന കോൺട്രാക്ടറെ ഏൽപ്പിച്ചതായി കാണുന്നു. 05-05-2018 ലെ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ 23.05.2018 ൽ റീ ടെണ്ടർ നടത്തുകയുണ്ടായി. ടെണ്ടർ പരസ്യത്തിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും നഴ്സറി നിർമ്മാണത്തിനും ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത റീ ടെണ്ടർ പ്രകാരം ഫോറം വിൽക്കുന്ന അവസാന തീയതി 28-05-2018 പകൽ 12 മണി വരെയാണ്. എന്നാൽ നിശ്ചിത സമയത്ത് ആരും തന്നെ ടെണ്ടർ ഫോറം വാങ്ങിയിട്ടില്ല. പ്രവൃത്തി അംഗീകരിച്ചു നൽകിയ കരാറുകാരന് ഫോറം നൽകിയിരിക്കുന്നത് 30-05-2018 ആണ്. ഫോറം വില ₹708 ഒടുക്കിയിരിക്കുന്നത് 30-05-2018 ലെ രശീതി നമ്പർ 118040100847 പ്രകാരമാണ്. പ്രസ്തുത കരാർ 30-06-2018 ലെ 09/18 തീരുമാന പ്രകാരം പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുകയും കരാറുകാരനായ ശ്രീ. രതീഷ് കുമാർ.കെ.ഇ. 30-06-2018 ൽ തന്നെ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 17-08-2018 ൽ സപ്ലൈ ഓർഡർ നൽകിയതിന്റെ അടിസ്ഥാനത്തിൽ റോഡ് പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങൾ ലഭ്യമാക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരനാണ് ടെണ്ടർ സമർപ്പിച്ചത് . കരാറുകാർ പ്രവൃത്തികൾക്കാവശ്യമുള്ള മെറ്റീരിയലുകൾ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത വിതരണക്കാരല്ല എന്നിരിക്കെ ഒരു ഇടനിലക്കാരന്റെ റോൾ മാത്രം നിർവ്വഹിക്കുന്നതിന് കരാറുകാരന് പ്രവൃത്തി നൽകിയത് ശരിയായ നടപടിയല്ല. മറ്റു വിതരണക്കാരിൽ നിന്നും സാധനസാമഗ്രികൾ വാങ്ങി സൈറ്റിലെത്തിക്കുകയാണ് കരാറുകാരൻ ചെയ്തിട്ടുള്ളത്. ഇത് അംഗീകൃത ഡീലർമാരുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കിയിരിക്കുന്നു.

2.കരാർ പ്രകാരം ₹283211 യാണ് സാധനങ്ങൾ എത്തിക്കുന്നതിന് ക്വാട്ട് ചെയ്തതെങ്കിലും . ബിൽ നം . 94/21-11-2018 പ്രകാരം ₹235875 ഉം 30-11-2018 ലെ 94ാം നമ്പർ ബിൽ പ്രകാരം ₹50000 കൂടി ആകെ ₹285875 നൽകുകയുണ്ടായി. കരാർ പ്രകാരമുള്ളതിലും ₹2664 കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

3. പ്രവൃത്തിക്ക് ഉപയോഗിച്ച സാധനങ്ങളുടെ അളവ് വിവരം (MAS) എം.ബുക്കിൽ രേഖപ്പെടുത്തുന്നില്ല. കൂടാതെ കരാറുകാരൻ ലഭ്യമാക്കിയ സാധനങ്ങളുടെ സ്റ്റോക്ക് സൂക്ഷിക്കുകയോ സാധനങ്ങളുടെ അളവ് എം.ബുക്കിൽ ചേർക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ബിൽ പ്രകാരം ലഭ്യമാക്കിയ മുഴവൻ സാധനങ്ങളും പ്രവൃത്തിക്ക് ആവശ്യമായതു തന്നെയാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.പൂർത്തീകരിച്ച റോഡ് പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

അധികം അനുവദിച്ച തുക ₹2664 ഉത്തരവാദിയായവരിൽനിന്ന് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ കരാറുകാരൻ വിതരണം ചെയ്ത സാധനങ്ങളുടെ അളവ് വിവരം ക്യൂബിക് മീറ്ററിൽ ലഭ്യമാക്കേണ്ടതും ലഭ്യമാക്കിയ സാധനങ്ങൾ കൃത്യമായ അളവിൽ ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കി പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്.

# 1-34 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗപത്രം ലഭ്യമാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് : 14/19- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹5,00,000 -വികസന ഫണ്ട്

: ₹5,00,000 – സംസ്ഥാനാവിഷ്കൃത ഫണ്ട്

: ₹10,00,000 - ഗുണഭോക്തൃ വിഹിതം

ആകെ : ₹20,00,000

ചെലവ് : ₹ 431250 - ബിൽ നം 5/18-19 തീയതി 19-02-2019

: ₹6250 - ബിൽ നം 8/18-19 തീയതി 25-02-2019

: ₹62500 - ബിൽ നം 9/18-19 തീയതി 19-03-2019

ആകെ : ₹5,00,000

മേൽ പ്രൊജക്റ്റിന്റെ ഭാഗമായി ₹5,00,000 എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് (A/C NO.719011400000003) നൽകിയിട്ടുണ്ട്. നമ്പർ സി.595/19തീയതി 10-06-2019 ലെ കത്ത് പ്രകാരം പദ്ധതി 2018-19 ൽ ആരംഭിച്ചിട്ടേയുള്ളൂ എന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണ് എന്നും എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, മുൻ വർഷങ്ങളിലെ തുക നീക്കിയിരിപ്പുണ്ടെങ്കിൽ ആയതും തിരികെ ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19.07.19, 20.07.19 | കെ.എസ്.എ./ കെ.എൻ.ആർ./സി.11/ 1320/2019. തീയ്യതി: 14.08.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| | സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ചത് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജോയിൻറ് വെഞ്ചർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 117191 | 777500 | 894691 | 777479 | 117212 |
| | ജില്ലാ പഞ്ചായത്ത് | 80000 | 941700 | 1021700 | 907578 | 114122 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം.തീയ്യതി. | തുക | ചെലവഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈറ്റ് മെയിൻലൈൻ വലിക്കൽ | - | 500000 | 499476 | പൂർത്തീകരിച്ചു | 524 |
| ജി.ഡബ്ല്യ.ഡി | പൊതുകിണർ | - | 150000 | 106000 | 2019-20 | 44000 |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാണം | | | | വർഷം സ്പിൽ ഓവറായി തുടരുന്നു. | |
| ജി ഡബ്ല്യു ഡി | വിവിധ അംഗൻവാടി കൾക്ക് കുഴൽ കിണർ നിർമ്മാണം | - | 1200000 | 601000 | 2019-20 വർഷം സ്പിൽ ഓവറായി തുടരുന്നു | 599000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

# 4-5 വായ്പ-വായ്പാ തിരിച്ചടവ്

| ക്രമ നമ്പർ | 2018/19 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാന വശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| 1 | 2213779 | ലൈഫ് ഭവന പദ്ധതി രണ്ടാം ഘട്ടം | 1253779 | 960000 | പ്രവൃത്തി പുരോഗമിച്ചുവരുന്നു. |

തിരിച്ചടവ്- ഇല്ല

# 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ

താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി(ഷെയർ സർട്ടിഫിക്കറ്റ്) | 20000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലഭിച്ച 1175/- രൂപയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008/09 | 3(7) | 1175 | കൃഷി ഓഫീസർ | 118040103380 11/12/2018 |
| ആകെ | | 1175 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ

ഇല്ല

## 4-9 ചാർജ്-സർചാർജ് നടപടികൾ സംബന്ധിച്ച വിവരങ്ങൾ

(എ)<u>സർചാർജ് നടപടികളുടെ വിവരം</u>

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | 2007-08 | 3-1 | സലിമോൻ പി.ആർ വി ഇ ഒ | LF/1114 splCell/ CSCB3-/12/ തീയതി 11/11/2013 | 9,50,500 | | | | | | 9,50,500 | തുക ഒടുക്ക് വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50988783.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47208584.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 155 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13274 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 803101 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15(1) | 59 | ശ്രീമതി.കെ.ശോഭന,സെക്രട്ടറി |
| 1-15(2) | 96 | ശ്രീമതി.കെ.ശോഭന,സെക്രട്ടറി |
| 1-23 | 10610 | ഡോ.സി.ജയപ്രഭ, വെറ്റിനറി സർജൻ, |
| 1-33 | 2664 | ശ്രീമതി.കെ.ശോഭന,സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 179963 | ശ്രീ. താജുദ്ദീൻ അഹമ്മദ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 199000 | ശ്രീ.സി.പ്രേംകുമാർ, ഹെഡ്മാസ്റ്റർ |
| 1-28 | 76460 | ശ്രീ.സി.പ്രേംകുമാർ, ഹെഡ്മാസ്റ്റർ |
| 1-29 | 100000 | ശ്രീ.സി.പ്രേംകുമാർ, ഹെഡ്മാസ്റ്റർ |
| 1-30 | 154746 | ശ്രീ.സി.പ്രേംകുമാർ, ഹെഡ്മാസ്റ്റർ |
| 1-31 | 18932 | ശ്രീ.സി.പ്രേംകുമാർ, ഹെഡ്മാസ്റ്റർ |
| 1-32 | 74000 | ശ്രീ.സി.പ്രേംകുമാർ, ഹെഡ്മാസ്റ്റർ |
| ആകെ | 803101 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-</u>

ഖണ്ഡിക 1-24(1) -₹901

ഖണ്ഡിക 1-24(2) -₹3203

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ-താജുദ്ദീൻ അഹമ്മദ്<br>(അസിസ്റ്റന്റ് എഞ്ചിനിയർ) | മുനിസിപ്പൽ എഞ്ചിനിയർ<br>ഹരിപ്പാട് നഗരസഭ | അലിഫ് ഹൗസ്<br>ടി-പി -സൗത്ത്<br>ഹരിപ്പാട് (പി ഒ) |
| ശ്രീ-സി-പ്രേംകുമാർ<br>(ഹെഡ്മാസ്റ്റർ) | ഹെഡ്മാസ്റ്റർ<br>ജി എൽപി എസ് -കാഞ്ഞിലേരി | അഭിരാമം<br>തെരൂർ<br>എടയന്നൂർ(പി ഒ) |
| ശ്രീമതി -കെ -ശോഭന<br>(സെക്രട്ടറി) | സെക്രട്ടറി<br>മാലൂർഗ്രാമ പഞ്ചായത്ത് | അമിത് സാഗർ<br>ചാലോട്<br>എടയന്നൂർ(പി ഒ) |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളെ സംബന്ധിച്ച വിവരങ്ങൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ എസ് എ /കെ എൻ ആർ/<br>സി11/745/2019 തീയതി:20.06.2019 | 1 |
| 2004-05 | കെ എസ് എ /കെ എൻ ആർ/<br>സി11/745/2019 തീയതി:20.06.2019 | 2 |
| 2005-06 | കെ എസ് എ /കെ എൻ ആർ/<br>സി11/745/2019 തീയതി:20.06.2019 | 4 |
| 2006-07 | കെ എസ് എ /കെ എൻ ആർ/<br>സി11/745/2019 തീയതി:20.06.2019 | 1 |
| 2007-08 | കെ എസ് എ /കെ എൻ ആർ/<br>സി11/745/2019 തീയതി:20.06.2019 | 3 |
| 2008-09 | കെ എസ് എ /കെ എൻ ആർ/<br>സി11/745/2019 തീയതി:20.06.2019 | 8 |
| | | |

| | | |
|---|---|---|
| 2009-10 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 12 |
| 2010-11, 2011-12 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 11 |
| 2012-13 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 6 |
| 2013-14, 2014-15 | കെ എസ് എ /കെ എൻ ആർ/ 745/2019 തീയതി:20.06.2019 | 6 |
| 2015-16 | കെ എസ് എ /കെ എൻ ആർ/ സി.11/745/2019 തീയതി:20.06.2019 | 10 |
| 2016-17 | കെ എസ് എ /കെ എൻ ആർ/ സി.11/745/2019 തീയതി:20.06.2019 | 11 |
| 2017-18 | കെ എസ് എ /കെ എൻ ആർ/ സി.11.1051/2019 തീയതി:04.10.2019 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.11/1900/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ
e-mail doknr.ksad@kerala.gov.in
Phone:04972707698

തീയ്യതി: 28-02-2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Malur Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12384262.36 |
| Cash | Cash | RP-40(a) | 93541.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 999200.00 |
| 130000000 | Rental income from Panchayat Properties | RP-3 | 421050.00 |
| 140000000 | Fees & User Charges | RP-4 | 505850.00 |
| 150000000 | Sale & Hire Charges | RP-5 | 69594.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 36304426.00 |
| 171000000 | Interest Earned | RP-9 | 289443.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5193252.00 |
| 350000000 | Other Liabilities | RP-36 | 85859.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1379.00 |
| 311000000 | Earmarked Funds | RP-29 | 13758.00 |
| 330000000 | Secured Loans | RP-32 | 2213779.00 |
| 340000000 | Deposits Received | RP-34 | 230090.00 |
| 350000000 | Other Liabilities | RP-36 | 390051.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3728421.00 |
| 460000000 | Loans, Advances and Deposits | RP-47 | 542631.00 |
| | Grand total | | 63466586.36 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2493494.00 |
| 220000000 | Administrative Expenses | RP-12 | 941753.00 |
| 230000000 | Operations & Maintenance | RP-13 | 646161.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5090556.00 |
| | | | |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13608570.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 905327.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 596483.00 |
| | | | |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Malur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4017555.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 725310.00 |
| 140000000 | Fee & User Charges | I-4(b) | 710050.00 |
| 150000000 | Sale & Hire Charges | I-5(b) | 106159.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 107127502.00 |
| 171000000 | Interest Earned | I-8 | 289443.00 |
| 180000000 | Other Income | I-9 | 1379.00 |
| | Total Income | | 112977398.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9111204.00 |
| 220000000 | Administrative Expenses | I-11(b) | 941753.00 |
| 230000000 | Operations & Maintenance | I-12(b) | 646161.00 |
| 240000000 | Interest & Finance Charges | I-13 | 1269.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5704850.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 46305291.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 905327.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 596483.00 |
| 254000000 | Expenditures of Transfered Institutions and State | I-14(d) | 34194400.00 |

| | | | |
|---|---|---|---|
| | Sponsored Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 3142720.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| 272000000 | Depreciation | I-17(a) | 8254103.00 |
| | Total Expenditure | | 110303561.00 |
| | Gross Surplus/ Deficit of income over Expenditure | | 2673837.00 |
| 280000000 | Prior Period Item | I-18 | -88292.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2762129.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Malur Grama Panchayat BALANCE SHEETAs on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 2696937.06 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 62415.00 |
| 312000000 | Reserves | B-3 | 56224229.00 |
| | Total Reserve & Surplus | | 58983581.06 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4956265.95 |
| | Total Grants, Contributions for Specific Purposes | | 4956265.95 |
| | Loans | | |
| 330000000 | Secured Loans | B-5 | 2213779.00 |
| | Total Loans | | 2213779.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 494265.00 |
| 350000000 | Other Liabilities | B-9 | 984059.35 |
| | Total Current Liabilities and Provisions | | 1478324.35 |
| | TOTAL LIABILITIES | | 67631950.36 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 73944942.00 |
| 411000000 | Accumulated Depreciation | B-11 | -24371834.00 |
| 412000000 | Capital Work in Progress | B-11(a) | 868760.00 |
| | Total Fixed Assets | | 50441868.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20010.00 |
| | Total Investments | | 20010.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 77076.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 16258002.36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.